**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണവകുപ്പ് - കണ്ണൂർ ജില്ലാ പഞ്ചായത്ത് - ആറളം നവജീവൻ കോളനി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ പദ്ധതി (പ്രോജക്റ്റ് നമ്പർ 394/19) -ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി വീട് നവീകരണത്തിനായി വീട് ഒന്നിന് 3,60,000/- രൂപാ നിരക്കിൽ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.2942/2018/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 19/11/2018

---

പരാമർശം:-

1 13.08.2018 തീയതിയിൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗ തീരുമാനം നം. 2.1 .

2 കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.10.2018-ലെ കത്ത്.

3 കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 29.09.2018-ലെ A4-2898/17-ാം നമ്പർ കത്ത്.

4 6/10/2018 തീയതിയിൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗ തീരുമാനം നം.4.2

**<u>ഉത്തരവ്</u>**

ആറളം പരിപ്പതോട് പ്രദേശത്തെ പട്ടികവർഗ്ഗ കുടുംബങ്ങളുടെ വീടുകളുടെ അറ്റകുറ്റ പണിക്കായി,പട്ടിക വർഗ്ഗ വികസന ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 1,50,000/- രൂപ നൽകാൻ പരാമർശം (1)പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ 11 വർഷം മുൻപ് പണിത വാസയോഗ്യമല്ലാത്ത ടി വീടുകൾ വാസയോഗ്യമാക്കി അധികമായി ഒരു മുറി കൂടിനിർമ്മിക്കുന്നതിന് ടി തുക മതിയാകാത്തതിനാൽ വീടൊന്നിന് തുക 3,60,000/- രൂപയാക്കി അനുമതി നൽകണമെന്ന കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ പരാമർശം (2)

പ്രകാരം കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2. ഇക്കാര്യം 16.10.2018-ലെ സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. കമ്മിറ്റിയുടെ പരാമർ ശം (4)ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആറളം നവജീവൻ കോളനി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ പദ്ധതിക്ക് (പ്രോജക്ട് നമ്പർ 394/19) പദ്ധതിയുടെ ഭാഗമായി ഒരു കിടപ്പു മുറിയും, കക്കൂസും നിർമ്മിക്കുന്നതിനും, നിലവിലുള്ള വീടിന്റെ മേൽക്കൂര ബലപ്പെടുത്തുന്നതിനും, ചുമർ പ്ലാസ്റ്ററിംഗ്, നിലം കോൺക്രീറ്റിംഗ് എന്നിവക്കായി വീട് ഒന്നിന് 3,60,000/- രൂപാ (മൂന്ന് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) ഉപയോഗിച്ച് പ്രോജക്ട് നടപ്പാക്കാൻ കണ്ണൂർ ജില്ലാ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസർ

സെക്രട്ടറി, കണ്ണൂർ ജില്ലാ പഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

തദ്ദേശ സ്വയം ഭരണ (ഡിഎ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ